**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 573** **30-01-2024 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വകുപ്പിലെ പൊതു സ്ഥലം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ 2024-ൽ പൊതു സ്ഥലം മാറ്റം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; പൊതു സ്ഥലം മാറ്റത്തിന് 2017-ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുമോ; ജി.എസ്.ടി. വകുപ്പിൽ ഓൺലൈൻ സ്ഥലം മാറ്റത്തിനുള്ള ക്രമീകരണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിനെ 02.08.2022-ലെ സ.ഉ.(കൈ)നം.55/2022/നികുതി പ്രകാരം പുനഃസംഘടിപ്പിച്ചതിനെ തുടർന്ന് വകുപ്പിലെ മുഴുവൻ ജീവനക്കാരെയും 2023 ജനുവരി മാസത്തിൽ പുതിയ ഓഫീസുകളിലേക്ക് പുനർവിന്യസിച്ചിരുന്നു. ഈ സാഹചര്യത്തിൽ 2023-ലെ പൊതുസ്ഥലം മാറ്റം നടത്താൻ കഴിഞ്ഞിരുന്നില്ല. വകുപ്പിലെ 2024-ലെ പൊതുസ്ഥലംമാറ്റം, SPARK-ന്റെ സഹായത്തോടുകൂടി 25.02.2017-ലെ സ.ഉ(പി)നം.3/2017/ഉഭപവ-ന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ ആയി നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കേന്ദ്ര ഫൈനാൻസ് ആക്ട് 2023 പ്രകാരവും കേന്ദ്ര പ്രത്യക്ഷ നികുതി വകുപ്പിന്റെ 21/2023 വിജ്ഞാപന പ്രകാരവും സംസ്ഥാനത്തെ 2023-24 സാമ്പത്തിക വർഷത്തെ പ്രൊവിഷണൽ ചെലവ് പണപ്പെരുപ്പ് സൂചിക 348 ആണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല. |
| (സി) | 2016-17-ൽ ചെലവ് പണപ്പെരുപ്പ് സൂചിക 264 ആയിരുന്നുവെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ ആറ് വർഷം കൊണ്ട് ചെലവ് പണപ്പെരുപ്പ് സൂചികയിൽ 84 പോയിന്റ് വർദ്ധിച്ചത് കുറയ്ക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ